QP CODE: S8008

Enrollment number : ..........................................

Name : ..........................................

MA DEGREE EXAMINATION,NOVEMBER 2023

First Semester

MA Malayalam Language and Literature

M21ML03DC - ഗദ്യം - കഥാസാഹിത്യം

2022 ADMISSIONS

Time: 3 Hours | Max Marks: 70

## Section A

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

1. നോവൽ എന്ന സാഹിത്യ രൂപത്തിന്റെ പ്രധാന ഘടകങ്ങൾ ഏവ?
2. എന്താണ് ജനപ്രിയ സാഹിത്യത്തിന്റെ പ്രത്യേകത ?
3. ആദിവാസികളുടെ ജീവിതം ആവിഷ്കരിച്ച മൂന്ന് മലയാള നോവലുകളെ പരിചയപ്പെടുത്തുക.
4. ദ്വാരക എന്ന കഥയിൽ ഇംഗ്ലീഷ് ഭാഷയിൽ നിന്നും മലയാള സംസ്കൃത തർജ്ജമകൾ വഴി രൂപാന്തരപ്പെടുത്തി പുതിയതായി അവതരിപ്പിച്ച രണ്ടു പദങ്ങളെ പരിചയപ്പെടുത്തുക.
5. പള്ളിവാളും കാൽച്ചിലമ്പും എന്ന കഥയിലെ കേന്ദ്രപ്രമേയം എഴുതുക.
6. സാറാ ജോസഫിന്റെ പ്രധാന നോവലുകളെ പരിചയപ്പെടുത്തുക.
7. ചാപ്പുണ്ണി നായർ എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വ സവിശേഷതകൾ എന്തെല്ലാം?
8. പ്രേതഭാഷണം എന്ന കഥയുടെ ആഖ്യാന സവിശേഷത എന്ത്?

(2x5=10)

## Section B

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

9. മാവോയിസ്റ്റ് എന്ന കഥയിൽ ആൾക്കൂട്ടത്തിനുള്ള പ്രാധാന്യമെന്ത്?
10. പൂവമ്പഴം എന്ന കഥയെ മുൻനിർത്തി കാരൂർ കഥയുടെ സവിശേഷതകൾ അപഗ്രഥിക്കുക.
11. സുഗന്ധി എന്ന ആണ്ടാൾ ദേവനായകി എന്ന നോവലിലെ ഉത്തരാധുനിക പ്രവണതകൾ വിശദമാക്കുക.
12. ചെറുശ്ശേരി നമ്പൂതിരി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
13. മനുഷ്യ മനസ്സിലെ ആന്തര വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും ഉമ്മാച്ചുവെന്ന കഥാപാത്രത്തിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ട്. വിശദമാക്കുക.
14. ആരോഹണമെന്ന നോവലിലെ സ്ത്രീ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.
15. ചാവുതുള്ളൽ എന്ന നോവലിലെ പ്രാദേശികസ്വഭാവം വിശദമാക്കുക.
16. അപൂർണവിരാമങ്ങൾ എന്ന കഥയിലൂടെ നിർവഹിക്കപ്പെടുന്ന വിമർശനം എന്ത് ?

17. ആർക്കറിയാം എന്ന കഥയിലൂടെ ബൈബിൾ പശ്ചാത്തലത്തെ അപനിർമിക്കുന്നത് എങ്ങനെ?

18. അഞ്ചര വയസ്സുള്ള കുട്ടി എന്ന കഥയുടെ ഭാവതലം അപഗ്രഥിക്കുക.

**(5x6=30)**

## Section C

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരം എഴുതുക. പതിനഞ്ച് മാർക്ക് വീതം**

19. ജനപ്രിയസാഹിത്യത്തിലെ സമവാക്യങ്ങൾ പാടാത്ത പൈങ്കിളിയെ മുൻനിർത്തി വിശകലനം ചെയ്യുക.

20. ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന് എന്ന നോവലിലൂടെ ബഷീർ അവതരിപ്പിച്ച നവോത്ഥാനദർശനം അപഗ്രഥിക്കുക.

21. സ്ത്രീയെയും പ്രകൃതിയെയും ചൂഷണം ചെയ്തു കൊണ്ടുള്ള വികസനസങ്കൽപ്പങ്ങളോടുള്ള വിയോജിപ്പ് ബുധിനിയിൽ എപ്രകാരം ചിത്രീകരിച്ചിരിക്കുന്നുവെന്ന് വിശദീകരിക്കുക.

22. ദളിത്ജീവിതത്തിന്റെ സവിശേഷ സാഹചര്യങ്ങൾ പ്രേതഭാഷണം എന്ന കഥയിൽ എപ്രകാരം അവതരിപ്പിച്ചിരിക്കുന്നു. വിശകലനം ചെയ്യുക.

**(15x2=30)**